ാല്യം 9॥ ബുക്ക് : 1 500

# മലയാള സാഹിതി

## സാഹിത്യഗവേഷണ സമാഹിതം

A Peer reviewed Research Journal in Malayalam- UGC CARE Listed



21

Malayalasahithy Sahithya Gaveshana Samahitham
(A peer reviewed Research Journal in Malayalam)
Published two times a year
Published by Department of Malayalam
N.S.S.College, Nilamel, Pin - 691535
web: www.malayalasahithy.in
Vol 11 No. 1 January- June 2023
ISSN 1722 2349-7246

**Managing Editor**
**Dr.Beena.S**

**Chief Editor**
**Dr.M.Vijayan Pillai**

**Sub Editor**
**Dr.R.Rajesh**

***Editorial Board***

Dr.C.Jayakumar
Dr.Asha R.I
Dr.Rasmi R.R
Dr.Sangeetha S.L
Dr.Deepu P
Dr.Bineesh E K

***Advisory cum Review Board***

Prof. V.N. Murali
Dr.Desamangalam Ramakrishnan
Dr.N.Mukundan
Dr.A.M.Sreedharan
Dr.D.Benjamin
Dr.K.S.Ravikumar
Dr.C.R.Prasad
Dr.L.Thomaskutty
Dr.S.Bhasiraj
Dr.Sabu.H
Dr.S.Nazeeb
Dr. T.K Santhosh Kumar
Dr.K.Jyothishkumar

Cover Design : Bejoy
Printed at : Sujilee offset printers, Chathannoor

**Rs. 500**

# ഉള്ളടക്കം

ക്ലാസ്സിക് മാതൃകകളും ഭാവുകത്വനിർമ്മിതിയും 05
സാബു കോട്ടുക്കൽ

ഗ്രാസിയ ഡെലെഡയുടെ 'ദി മദർ': വാഴ്‌വിന്റെയും വിശ്വാസത്തിന്റെയും 12
സങ്കീർണ്ണതകൾ. ഡോ. എസ്.നസീബ്

ആശാൻകവിതയും ചലച്ചിത്രകലയും 16
ഡോ. ടി.കെ. സന്തോഷ്കുമാർ

വി.പി. ശിവകുമാർ കഥകളിലെ സ്ത്രീപക്ഷ സമീപനം 23
ഡോ. ആർ. രാജേഷ്

സദാനന്ദസ്വാമിയുടെ വിപ്ലവജീവിതം 30
ഡോ.സുരേഷ് മാധവ്

ദാര - കഥാകാവ്യത്തിലെ നവധാര 38
ഡോ. സിബി കുര്യൻ

പെണ്മയുടെ തീറും ആണ്മയുടെ അധികാരവും 46
ഡോ.എൻ.രജനി

സ്വപ്നങ്ങൾക്ക് ചിറകുകളുണ്ട്: അതിജീവനത്തിന്റെ ഉയിരെഴുത്ത് 55
ഡോ. രാഗിണി ഇ.വി.

കുമാരനാശാന്റെ സാഹിത്യേതര സംവാദങ്ങൾ 65
ഡോ.ആർ.അശ്വതി

കോടതി മലയാളം: കോടതി വ്യവഹാരങ്ങളിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം 73
ഡോ. സജി സാമുവൽ

എഴുത്തച്ഛന്റെ കാലം :ചില വീണ്ടുവിചാരങ്ങൾ 82
ഡോ. ബി. എസ്. ബിനു

'ഫ്രാൻസിസ് ഇട്ടിക്കോര' - കൗടില്യങ്ങളുടെ ചരിത്രം 89
ഡോ.സുനീത ബാബു വി.എസ്

കവിതയിൽ തെളിയുന്ന നാട്ടുവെട്ടങ്ങൾ 95
ബിന്ദു ടി വി

കപ്പിത്താന്റെ ഭാര്യ - നോവലിലെ സിനിമാസ്വാധീനം 105
സ്റ്റാലിൻ. കെ

ദിഷ്ടാന്തബോധം ഗിരീഷ് പുത്തഞ്ചേരിയുടെ കവിതകളിൽ 111
ആരതി വി. നായർ

ബർലസ്ക്: മലയാളനാടകങ്ങളിൽ 119
ഡോ.നിത്യ. പി. വിശ്വം.

തെക്കൻ പാട്ടുകുടുംബത്തിലെ ഇളമുറത്തമ്പുരാൻ 130
ഡോ. അലക്സ്. എൽ

തിരുവാറൻമുളയും തിരുനിഴൽമാലയും 138
ഡോ. മുരുകേഷ് എസ്

# കുമാരനാശാന്റെ സാഹിത്യേതര സംവാദങ്ങൾ

ഡോ.ആർ.അശ്വതി

**പ്രബന്ധ സംഗ്രഹം:** 'കവി' എന്ന സാമാന്യ സങ്കൽപ്പത്തിന്റെ അതിർത്തികളെ അതിലംഘിച്ചുകൊണ്ട് സാമൂഹികമായ ഇടപെടൽ ക്രിയാത്മകമായി നിർവഹിച്ച ബഹുമുഖ വ്യക്തിത്വത്തിനു ടമയായിരുന്നു ആശാൻ. മഹാകവി കുമാരനാശാന്റെ സമഗ്ര ജീവിതദർശനം തെളിഞ്ഞു കാണുന്നത് അദ്ദേഹത്തിന്റെ സർഗ്ഗാത്മക കൃതികളിൽ മാത്രമല്ല. സാമൂഹിക പ്രതിബദ്ധമായ ഒരു ജീവിതവീക്ഷണം രൂപപ്പെടുത്തിയെടുക്കുന്നതിൽ എസ്. എൻ.ഡി.പി. യോഗവും ശ്രീനാരായണഗുരുവിന്റെ ശിഷ്യത്വവും ശ്രീമൂലം പ്രജാസഭയിൽ അദ്ദേഹം നടത്തിയ സംവാദങ്ങളും അന്നത്തെ സാമൂഹിക ജീവിതപ്രതിസന്ധികളും കാരണമായിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലേക്കുള്ള ഈഴവ സമുദായത്തിലെ ആൺ-പെൺ പ്രവേശനം, പ്രവേശനനിഷേധങ്ങളുടെ സാമൂഹികവശങ്ങൾ, സംസ്കൃത-ആയുർവേദ സർവ്വകലാശാലകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ, എസ്.എൻ.ഡി.പി.യോഗത്തിൽ അദ്ധ്യക്ഷപ്രസംഗമായി ചർച്ച ചെയ്ത ഈഴവ മുന്നേറ്റ പ്രശ്നങ്ങൾ, എന്നിങ്ങനെ നിവേദനരൂപത്തിൽ അദ്ദേഹം അവതരിപ്പിച്ച ആശയങ്ങളെ വിലയിരു ത്തുകയാണ് 'കുമാരനാശാന്റെ സാഹിത്യേതര സംവാദങ്ങൾ എന്ന പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽ വാക്കുകൾ:** കുമാരനാശാൻ, സാമൂഹിക ജീവിതപ്രതിസന്ധികൾ, സാമൂഹിക നീതി, സാഹിത്യേതര സംവാദങ്ങൾ

**ആമുഖം:** വൈദേശികാധിപത്യം, ഫ്യൂഡൽസാമൂഹികവ്യവസ്ഥിതി, അത് നിർമ്മിച്ചെടുത്ത മനുഷ്യത്വരഹിതമായ വിവേചനങ്ങൾ, സവർണാധിപത്യം, ജാതിവ്യവസ്ഥ, സ്ത്രീവിരുദ്ധത, അന്ധവിശ്വാസം തുടങ്ങി പത്തൊമ്പതാം നൂറ്റാണ്ടിൽ നിലനിന്ന അതിസങ്കീർണമായ സാമൂഹിക സാഹചര്യങ്ങളോട് പ്രതികരിച്ചുകൊണ്ടാണ് ശ്രീനാരായണഗുരുവിന്റെ പിൻഗാമിയായി കുമാരനാശാൻ കടന്നുവരുന്നത്.

നവോത്ഥാനമെന്നത് നിലവിലുള്ള സാമൂഹ്യബദ്ധമായ കാർക്കശ്യങ്ങളെ നിരാകരിച്ചുകൊണ്ട് മാനവിക മൂല്യങ്ങളിൽ അധിഷ്ഠിതമായ സ്വതന്ത്രചിന്തയുടെ പ്രതീക്ഷാനിർഭരമായ പുതിയ ഉണർവാണ്. രാഷ്ട്രീയവും സാമൂഹികവും സാമ്പത്തിക
വും പാരിസ്ഥിതികവുമായ സമത്വസങ്കല്പങ്ങൾ കലയിലും, സാഹിത്യത്തിലും,
ജീവിതത്തിലും പ്രകടമാകുമ്പോഴാണ് യഥാർത്ഥത്തിൽ നവോത്ഥാനം സാർത്ഥകമാകു
ന്നത്. മനുഷ്യ ചരിത്രത്തെ തന്നെ തിരുത്തി എഴുതുന്ന ഈ നവോത്ഥാന സങ്കല്പങ്ങൾ
കേരള ചരിത്രത്തെ സമഗ്രമായി പരിവർത്തിപ്പിച്ച ദശാസന്ധിയിലാണ് 'വിപ്ലവത്തിന്റെ
ശുക്രനക്ഷത്രമായി' കുമാരനാശാന്റെ രംഗപ്രവേശം.

ശ്രീനാരായണഗുരുവിന്റെ ശിഷ്യത്വം, 1891 മുതൽ ഗുരുവുമൊത്തുള്ള അരുവി